15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190 **06-10-2025 - ൽ മറുപടിയ്ക്ക്**

സൗരോർജ്ജ വൈദ്യുതി സൗജന്യമായി ലഭ്യമാക്കാൻ നടപടി

ചോദ്യം		ഉത്തരം	
ശ്രീ. ആന്റണി ജോൺ, ശ്രീമതി ശാന്തകുമാരി കെ., ശ്രീ. എം. എം. മണി, ശ്രീ. എ. പ്രഭാകരൻ		ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)	
(എ)	സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ദുർബല വിഭാഗങ്ങൾക്കും ഇടത്തരക്കാർക്കും മുതൽമുടക്കില്ലാതെ സൗജന്യമായി സൗരോർജ്ജ വൈദ്യുതി എത്തിക്കുന്നതു സംബന്ധിച്ചുള്ള നിർദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;	(എ)	കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനുകൂടി സൗരോർജ്ജ നിലയങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അനെർട്ട് നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ മാതൃകാ പദ്ധതിയാണ് 'ഗ്രീൻഇൻകംസ്കീം അഥവാ ഹരിതവരുമാന പദ്ധതി'. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർക്ക് മാത്രം പ്രാപ്യമായിരുന്ന ഇത്തരം പദ്ധതികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് കൂടി സൗജന്യമായി ലഭ്യമാക്കുകയും അതിലൂടെ ഒരു വരുമാനം ഉറപ്പുവരുത്തുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ, പട്ടികജാതിവകുപ്പ് നിർമിച്ച വീടുകൾ, പുനർഗേഹം പദ്ധതി വഴി നിർമിച്ച വീടുകൾ, എന്നിവയിലാണ് സൗജന്യമായി ശൃംഖലാബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്ക് കീഴിൽ 1,700 വീടുകളിൽ അനെർട്ട് ഇതിനോടകം സൗജന്യമായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു നൽകിയിട്ടുണ്ട്. ഓരോവീട്ടിലും 2-3 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഗാർഹിക ഉപയോഗ ശേഷം അധികം ഉത്പാദിപ്പിക്കുന്ന വൈദ്യുതി ശൃംഖലയിലേക്ക് നൽകുന്നതിലൂടെ ഗുണഭോക്താവിന് പ്രതിവർഷം ഏകദേശം 5,000/- മുതൽ 6,000/- രൂപ വരെ അധികവരുമാനം കണ്ടെത്താൻ കഴിയുന്നതാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താവിന് സൗജന്യമായി ഇൻഡക്ഷൻ കുക്ക്ടോപ്പ് നൽകുന്നതിലൂടെ എൽ.പി.ജി. യുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കും. ഈ പദ്ധതി 1 ലക്ഷം വീടുകളിലേക്ക് വ്യാപിപ്പിക്കുന്നതിനു കേന്ദ്ര സർക്കാരിൽ

			പ്രൊപോസൽ സമർപ്പിക്കുകയും 50,000 വീടുകളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 600 കോടി രൂപ കേന്ദ്ര സബ്സിഡി ആയും 900 കോടി രൂപ സംസ്ഥാന വിഹിതമായും ചെലവഴിച്ച് സൗജന്യമായി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.
(ബി)	പ്രസ്തുത നിർദേശം കൂടാതെ വൈദ്യുതി ഉപഭോക്താക്കൾക്ക് ഗുണകരമായ റിന്യൂവബിൾ എനർജി ആന്റ് റിലേറ്റഡ് മാറ്റേഴ്സ് റെഗുലേഷൻസ് 2025-ലെ മറ്റ് നിർദേശങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;	(ബി)	സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള റിന്യൂവബിൾ എനർജി & റിലേറ്റഡ് മാറ്റേഴ്സ് 2025 (Renewable Energy & Related Matters) എന്ന കരട് റെഗുലേഷനിൽ, നിലവിൽ നെറ്റ് മീറ്ററിംഗ് സംവിധാനത്തിൽ തുടരുന്ന മുഴുവൻ ഉപഭോക്താക്കൾക്കും ആ നിലയിൽ തുടരാൻ അനുവദിക്കുന്നുണ്ട്. കൂടാതെ 3 കിലോ വാട്ട് വരെ ശേഷിയുള്ള പുരപ്പുറ നിലയങ്ങൾക്ക് തുടർന്നും നെറ്റ് മീറ്ററിംഗ് സംവിധാനത്തിൽ തുടരാനും 3 മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് സ്റ്റോറേജ് സംവിധാനം ഉൾപ്പെടുത്തി നെറ്റ് മീറ്ററിംഗിൽ തുടരാനും കമ്മീഷൻ നിർദേശിക്കുന്നുണ്ട്. ഇതിലൂടെ പകൽ സമയത്ത് ലഭിക്കുന്ന അധിക ഊർജ്ജം സംഭരിച്ച് വച്ച് രാത്രി സമയത്ത് ഉപയോഗിക്കാൻ ഉപഭോക്താക്കൾക്ക് സാധിക്കുന്നു. കാർഷിക മേഖലയിൽ നെറ്റ് മീറ്ററിംഗിൽ തുടരുന്നതിന് കണക്റ്റഡ് ലോഡിന്റെ നിയന്ത്രണം ബാധകമല്ല. നെറ്റ് മീറ്ററിംഗ് ബില്ലിംഗിന് പുറമേ, നെറ്റ് ബില്ലിംഗ്, ഗ്രോസ് മീറ്ററിംഗ് തുടങ്ങിയ ബില്ലിംഗ് രീതികളും കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പകൽ സമയത്ത് ഉത്പാദിപ്പിച്ച് സംഭരിക്കുന്ന വൈദ്യുതിക്ക് രാത്രി കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കുന്നതിനും സഹായിക്കുന്ന വ്യവസ്ഥകൾ പുതിയ കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ വർഷാവസാനം പുരപ്പുറ സോളാർ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സെറ്റിൽമെന്റ് തുക മുൻകൂട്ടി നിശ്ചയിച്ച് മാസാമാസം നൽകുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. പുരപ്പുറ സോളാറിനുള്ള അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനും, ഉപഭോക്താക്കൾക്ക് ആവശ്യമുള്ള മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയ ബില്ലിംഗ് നടപ്പിലാക്കുന്നതിനും കരട് നിർദ്ദേശത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പി. എം. സൂര്യഘർ പദ്ധതികളുടെ അപേക്ഷാ ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ നിലയം സ്ഥാപിച്ചതിനു ശേഷമുള്ള ബില്ലിൽ നിന്ന് ഈടാക്കുന്നതിനും 10

കിലോവാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് ഫീസിബിലിറ്റി, പ്രത്യേക പരിശോധന കൂടാതെ നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വെഹിക്കിൾ ടു ഗ്രിഡ് (Vehicle to Grid), ഗ്രൂപ്പ് നെറ്റ് മീറ്ററിംഗ് (Group Net Metering), ബിഹൈൻഡ് ദി മീറ്റർ (Behind the meter) തുടങ്ങി ഒട്ടനവധി പുതിയ വ്യവസ്ഥകളും കരടു റെഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുനരുപയോഗ ഊർജ്ജ മേഖലയിലെ സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിന് വികേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആന്റ് റിലേറ്റഡ് മാറ്റേഴ്സ്) റഗുലേഷൻസ്, 2025- ലെ പ്രധാന വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

ഈ കരടുരേഖയുടെ രണ്ടാം അദ്ധ്യായത്തിൽ പ്രോസ്യൂമേഴ്സിന് വിവിധ തരത്തിലുള്ള മീറ്ററിംഗ് സിസ്റ്റം തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. നെറ്റ് മീറ്ററിംഗ്, നെറ്റ് ബില്ലിംഗ്, ഗ്രോസ് മീറ്ററിംഗ് രീതികൾക്ക് പുറമേ ഒരു പ്ലാന്റിൽ നിന്നും നിരവധി ഉപഭോക്താക്കൾക്ക് (ഫ്ളാറ്റുകൾ, റസിഡൻഷ്യൽ അസോസിയേനുകളുടെ പരിധിയിലുള്ള ഗുണഭോക്താക്കൾ തുടങ്ങിയവ) നേരിട്ട് വൈദ്യുതി ലഭ്യമാക്കുന്ന വെർചൽ നെറ്റ് മീറ്ററിംഗ്, ഗ്രൂപ്പ് നെറ്റ് മീറ്ററിംഗ് എന്നിവ പുതുതായി നിർദ്ദേശിച്ചിട്ടുണ്ട്. വൈദ്യുതി വാഹനത്തിൽ നിന്നും വൈദ്യുതി ശൃംഖലയിലേക്ക് നൽകൽ, പ്രോസ്യൂമേഴ്സിന് നേരിട്ട് ഇതര ഉപഭോക്താക്കൾക്ക് വൈദ്യുതി വിൽക്കൽ, ഒരു കൂട്ടം പ്രോസ്യൂമേഴ്സിന് ഒരുമിച്ച് വൈദ്യുതി കമ്പോളത്തിൽ വൈദ്യുതി വിൽക്കൽ തുടങ്ങിയ നൂതന സംരംഭങ്ങളും കരട് റഗുലേഷൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫീസിബിലിറ്റി, രജിസ്ട്രേഷൻ തുടങ്ങിയവ ലഭിക്കുന്നതിന് നിലവിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ ഒഴിവാക്കാനും അപേക്ഷകർക്ക് ഓൺലൈൻ സംവിധാനം ലഭ്യമാക്കാനും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ ചാർജ്ജ് നിലവിൽ ഒരു കിലോ വാട്ടിന് 1,000/- രൂപ എന്നത് 300/- രൂപയാക്കി കുറയ്ക്കാനും വ്യവസ്ഥ ചെയ്യുന്നു.

			മൂന്നാം അദ്ധ്യായത്തിൽ പ്രോസ്യൂമേഴ്സിന്റെയും, CPP, IPP കളുടെയും എനർജി അക്കൗണ്ടിംഗ്, ബാങ്കിംഗ്, സെറ്റിൽമെന്റ് രീതികളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. വികേന്ദ്രീകൃത എനർജി സ്റ്റോറേജ് കൂടുതൽ വ്യാപിപ്പിക്കാൻ സഹായകരമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പീക്ക് സമയത്ത് ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയ്ക്ക് ഉയർന്ന വില ലഭിക്കുന്ന രീതിയിലാണ് എനർജി അക്കൗണ്ടിംഗും ബില്ലിംഗും ക്രമീകരിച്ചിരിക്കുന്നത്. ഉപഭോക്താക്കളുടെ ക്രഡിറ്റിൽ അധിക വൈദ്യുതി ഉള്ളപ്പോഴും വിവിധ ചാർജ്ജുകൾ എല്ലാ മാസവും ഈടാക്കുന്ന രീതി ഒഴിവാക്കി സീറോ ബില്ലിംഗിന് വ്യവസ്ഥ ചെയ്യുന്നു. പുനരുപയോഗ ഊർജ്ജ പദ്ധതികളിലും എനർജി സ്റ്റോറേജ് പദ്ധതികളിലും നമ്മുടെ സംസ്ഥാനത്ത്, വലിയ തോതിൽ നിക്ഷേപം ആകർഷിക്കാനും സംരംഭക വികസനത്തിനും സഹായകരമായ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. നാലാം അദ്ധ്യായത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെയും ഇതര വിതരണ ലൈസൻസികളുടെയും ഏറ്റവും കുറഞ്ഞ പുനരുപയോഗ ഊർജ്ജ ഉപഭോഗ ശതമാനം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ അതു കൃത്യമായി നിരീക്ഷിക്കാനുള്ള ഏജൻസിയെക്കുറിച്ചും അതിന്റെ ചുമതലകളും നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് പുനരുപയോഗ പ്ലാന്റ്, ബാറ്ററി എനർജി സ്റ്റോറേജ് എന്നിവയുടെ സാങ്കേതിക കാര്യങ്ങൾ പരിചയപ്പെടുത്തുന്നതിനും ഉചിതമായ ഏജൻസികളെ കണ്ടെത്തുന്നതിനും ആവശ്യമായ പിന്തുണയും വിവരങ്ങളും ലഭ്യമാക്കുന്നത് പ്രസ്തുത ഏജൻസിയുടെ ചുമതലയായിരിക്കും. അഞ്ചാം അദ്ധ്യായത്തിൽ കേരളത്തിൽ തുടങ്ങുന്ന പുനരുപയോഗ ഉൽപ്പാദക സംരംഭങ്ങളിൽ നിന്നുള്ള ഊർജ്ജത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പുനരുപയോഗ പദ്ധതികളിൽ നിന്നും പീക്ക് സമയത്ത് ലഭിക്കുന്ന വൈദ്യുതിക്ക് ഉയർന്ന നിരക്ക്, നിലവിലുള്ള ജലസംഭരണികൾ ഉപയോഗിച്ച് വേനൽക്കാലത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്നിവയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കരട് രേഖയിലെ മറ്റു പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഇതോടൊപ്പം **അനുബന്ധമായി** ചേർക്കുന്നു.
(സി)	പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കായി സൗജന്യ വൈദ്യുതി എത്തിക്കുന്നത് ലക്ഷ്യമാക്കി	(സി)	പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് വൈദ്യുതി സൗജന്യമായി എത്തിയ്ക്കുന്നതിന് കഴിഞ്ഞ

നടപ്പാക്കുന്ന മറ്റ് പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതി സമ്പൂർണ്ണ വൈദ്യുതീകരണമാണ്. 2017-ഓടു കൂടി കേരളത്തിലെ എല്ലാ വീട്ടുകളിലും വൈദ്യുതി എത്തിക്കുമെന്ന്, 2016 ജൂൺ മാസത്തിൽ നിയമസഭയിൽ കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ബൃഹത് പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടപ്പിലാക്കുകയും ടി പദ്ധതിയുടെ ഉദ്ഘാടനം 29/05/2017 - ന് കോഴിക്കോട് വച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തിരുന്നു. സമ്പൂർണ വൈദ്യുതീകരണപദ്ധതി പ്രകാരം 1,50,219 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് വൈദ്യുതി സൗജന്യമായി എത്തിയ്ക്കുന്നതിന് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് 1000w വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ. എസ്. ഇ. ബി. എൽ ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകുന്ന പദ്ധതിയും പട്ടികവർഗ്ഗ നഗറുകളുടെ വൈദ്യുതീകരണവും ആണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് സെപ്റ്റംബർ 2025 വരെ 91.71 കോടി രൂപ ചെലവഴിച്ച് 78,135 BPL കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2022-27 കാലയളവിലേക്കായി 100 കോടി രൂപ BPL വൈദ്യുതി കണക്ഷനുകൾ നൽകാനായി കെ.എസ്.ഇ.ബി.എൽ.-ന്റെ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കോവിഡ് സമയത്ത് ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ., വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം റോഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും അനുകൂലമായ കാലാവസ്ഥ തുടങ്ങിയവ ലഭ്യമാകുന്ന മുറയ്ക്ക് നവംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

			ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിനു 22 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്. അനെർട്ട് മുഖേനെ വിദൂര ആദിവാസി നഗറുകളായ താഴെഇടുക്കി , വേലപ്പൻകണ്ടി, മേലെ ഇടുക്കി, ഗലസി, ഊരടം എന്നീ സ്ഥലങ്ങളിൽ സോളാർ, വിൻഡ് ഉൾപ്പെടെയുള്ള ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരണം നടത്തി. ഇതു കൂടാതെ സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

"കരട് റിന്യൂവബിൾ എനർജി ആന്റ് റിലേറ്റഡ് മാറ്റേഴ്സ് റഗുലേഷൻസ്, 2025"ലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ

1. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2020ൽ പ്രസിദ്ധപ്പെടുത്തിയ "കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആന്റ് നെറ്റ് മീറ്ററിംഗ്) റഗുലേഷൻസ്, 2020"ന്റെ കാലാവധി 2024-25 സാമ്പത്തിക വർഷത്തിൽ അവസാനിച്ചിരുന്നു. ഇത് കണക്കിലെടുത്ത് 2025-26 സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽ വരേണ്ട ചട്ടങ്ങൾ രൂപീകരിക്കുന്നതിന് മുന്നോടിയായി ഒരു ചർച്ചാരേഖ ജനുവരി 13, 2025ന് കമ്മീഷൻ പ്രസിദ്ധീകരിച്ചിരുന്നു. കമ്മീഷൻ രൂപീ കരിച്ച വിദഗ്ധ സമിതിയാണ് ചർച്ചാരേഖ തയ്യാറാക്കിയത്. കമ്മീഷനിലെ മെമ്പർ (ടെക്നിക്കൽ) അംഗമായ കമ്മിറ്റിയിൽ കമ്മീഷനിലെ ടെക്നിക്കൽ കൺസൾട്ടന്റ്സ്, ഐ.ഐ.ടി, എൻ.ഐ.ടി ഉൾപ്പെടെയുള്ള അക്കാഡമിക് സ്ഥാപ നങ്ങളിലെ വിദഗ്ദ്ധർ, പുനരുപയോഗ ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളിലെ പ്രതിനിധികൾ എന്നിവർ അംഗങ്ങളാ യിരുന്നു. പ്രസ്തുത കമ്മിറ്റി കേരളത്തിലെ പുനരുപയോഗ ഊർജ്ജ മേഖലയുടെ തുടർ വികസനത്തിന് ആവശ്യമായ വിവിധ നിർദ്ദേശങ്ങളും, ലൈസൻസികളും പ്രോസ്യൂമേഴ്സും നേരിടുന്ന സാങ്കേതിക പ്രശ്നങ്ങളുടെ വിശകലനവും, ലോക മെമ്പാടുമുള്ള നൂതന സാങ്കേതിക വിദ്യകളും, പുതു പ്രവണതകളും വിശകലനം ചെയ്താണ് ചർച്ചാ രേഖ തയ്യാറാക്കിയത്.
2. നിലവിലുണ്ടായിരുന്ന ചട്ടങ്ങളിൽ കാലോചിതമായ ഒട്ടേറെ മാറ്റങ്ങൾ അനിവാര്യ മാണെന്നാണ് കമ്മറ്റി ശുപാർശ ചെയ്തത്. അസ്ഥിരവും ക്രമരഹിതവുമായി ഉല്പാദനം നടക്കുന്ന പുനരുപയോഗ വൈദ്യുതിയുടെ അളവ് ഗ്രിഡിൽ വർദ്ധിച്ചു കഴിഞ്ഞതിനാൽ ഉത്തരവാദിത്വ പൂർണ്ണമായ ഉല്പാദനവും ഉപഭോ ഗവും ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾ ആവശ്യമാണ്. കേരളത്തിന് ലഭ്യമായ വൈദ്യുതോല്പാദന ശേഷിയിൽ 69% നോൺ-ഫോസിൽ ഊർജ്ജത്തിൽ നിന്നാ ണ് (ദേശീയ തലത്തിൽ 50%). പകൽ മാത്രം ലഭ്യമാകുന്ന സൗരോർജ്ജ ശേഷി യാകട്ടെ പകൽ ആവശ്യകതയുടെ പകുതിയിലധികമായിട്ടുമുണ്ട്. പുനരുപയോഗ ലഭ്യത വർദ്ധിച്ച ഇതര സ്ഥലങ്ങളിൽ വന്നിട്ടുള്ള കാലോചിതമായ നിയമ മാറ്റങ്ങൾ കണക്കിലെടുത്ത് നെറ്റ് മീറ്ററിങ്ങ് വ്യവസ്ഥകൾ യുക്തിസഹമാക്കാനും, ഊർജ്ജ സംഭരണ സംവിധാനങ്ങൾ വ്യാപകമാക്കാനും, സോളാർ ഇതര പുനരുപയോഗ ഊർജ്ജസ്രോതസ്സുകളുടെ കൂടി വളർച്ച വർദ്ധിപ്പിക്കാനും പുതിയ ചട്ടങ്ങളിൽ

വ്യവസ്ഥകളുണ്ടാകേണ്ടതുണ്ട്. വിതരണ ശൃംഖലയിൽ പുരപ്പുറ സോളാർ കൂട്ടിച്ചേർക്കുമ്പോൾ കണ്ടെത്തിയ വോൾട്ടേജ് വ്യതിയാനം അടക്കമുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ വികേന്ദ്രീകൃതമായ ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കണം. ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങളുടെ സാങ്കേതിക വിദ്യയിൽ ഉണ്ടായിട്ടുള്ള അഭൂതപൂർവ്വമായ മുന്നേറ്റവും അവയുടെ ലഭ്യതയിലുണ്ടായ വർദ്ധനവും വില ഗണ്യമായി കുറഞ്ഞു വരുന്നതും കണക്കിലെടുക്കുമ്പോൾ സോളാർ പ്ലാന്റുകളോടൊപ്പം അവ ലാഭകരമായി വിന്യസിക്കാൻ കഴിയും. ദേശീയ തലത്തിൽ സോളാറിൽ നിന്നുള്ള വൈദ്യുതോല്പാദനം പകൽ അധികരിക്കുന്നതിന്റെയും സോളാർ ഉല്പാദനം വൈകുന്നേരത്തോടെ കുറയുന്നതോടെ വൈദ്യുതി കമ്മി രൂപപ്പെടുന്നതിന്റെയും ഫലമായി വൈദ്യുതി വിലയിൽ വലിയ കയറ്റിറക്കങ്ങൾ അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യം കൂടി കണക്കിലെടുത്ത് വേണം നെറ്റ് മീറ്ററിങ്ങ് സംവിധാനം യുക്തിസഹമാക്കേണ്ടത്.

3. ചർച്ചാരേഖയിലെ നിർദ്ദേശങ്ങളും, ചർച്ചാരേഖയിന്മേൽ പൊതുജനങ്ങളിൽ നിന്നും മറ്റ് തൽപ്പരകക്ഷികളിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളും അടിസ്ഥാനമാക്കി കരട് "കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യുവബിൾ എനർജി ആന്റ് റിലേറ്റഡ് മാറ്റേഴ്സ്) റഗുലേഷൻസ്, 2025", 2025 മേയ് 30ന് കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പുതിയ ചട്ടങ്ങളുടെ കൺട്രോൾ പിരീഡ് FY 2025-26 മുതൽ FY 2029-30 വരെ ആണ്.

4. കരട് ചട്ടങ്ങളിൽ താഴെ പറയുന്ന പുതിയ നിർദ്ദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

   (i) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ വലിയ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് അതിൽ നിന്നുള്ള വൈദ്യുതി ദുർബല വിഭാഗങ്ങളുടെ വീടുകളിൽ നിശ്ചിത അനുപാതത്തിൽ സൗജന്യമായി കെ.എസ്.ഇ.ബി ലൈനുകളിലൂടെ വിതരണം ചെയ്യാം. ഇതിനായി എം.എൽ.എ / എം.പി ഫണ്ട്, സി.എസ്.ആർ. ഫണ്ട്, എൻ.ജി.ഒ സഹകരണം എന്നിവ കേന്ദ്ര സബ്സിഡിക്കും പ്ലാൻ ഫണ്ടിനും ഉപരിയായി ഉപയോഗിക്കാം. ഉദാ: ഒരു 500 kW പ്ലാന്റ് സ്ഥാപിക്കാൻ ഏകദേശം 2 കോടി രൂപ വേണ്ടിവരും. ഇതിന്റെ മൂന്നിലൊന്നു തുക വരെ കേന്ദ്ര സബ്സിഡി ലഭിക്കും. ഈ പ്ലാന്റിന്റെ ശേഷി 250 വീടുകൾക്ക് പങ്കു വെച്ചാൽ 2 kW വീതം ഓരോ

വീടിനും ലഭ്യമാകും. ഇതിലൂടെ ശരാശരി 200 യൂണിറ്റ് വൈദ്യുതി പ്രതിമാസം ഈ കുടുംബങ്ങൾക്ക് സൗജന്യമായി ലഭ്യമാകും. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഇത്തരം 2 പ്ളാന്റുകൾ എന്ന നിലയിൽ പ്ളാൻ ചെയ്താൽ 5 ലക്ഷം കുടുംബങ്ങൾക്ക് 200 യൂണിറ്റ് സൗജന്യ വൈദ്യുതി നൽകുന്ന 1,000 MW ന്റെ വിപുലമായ പദ്ധതി വരുന്ന രണ്ട് വർഷം കൊണ്ട് തദ്ദേശസ്ഥാപനങ്ങളുടെ മുൻകൈയിൽ സാധ്യമാക്കാൻ കഴിയും. വൻതോതിൽ തൊഴിൽ ലഭ്യതയും വർദ്ധിപ്പിക്കാം.

(ii) ഗവൺമെന്റ് സ്ഥാപനങ്ങൾ / സ്കൂളുകൾ തുടങ്ങിയവയ്ക്കും പൊതുവായി വലിയ പ്ളാന്റ് സ്ഥാപിച്ച് വൈദ്യുതി നെറ്റ് മീറ്ററിങ്ങ് രീതിയിൽ പങ്കിട്ടെടുക്കാം.

(iii) പുരപ്പുറ സോളാർ സ്ഥാപിക്കാൻ സാധ്യതയില്ലാത്ത ഫ്ളാറ്റുകളിലെയും അപ്പാർട്ടുമെന്റുകളിലെയും കുടുംബങ്ങൾക്ക് പൊതുവായി വലിയ പ്ളാന്റ് സ്ഥല ലഭ്യതയുള്ള പ്രദേശത്ത് സ്ഥാപിച്ച് വൈദ്യുതി നെറ്റ് മീറ്ററിങ്ങ് അടിസ്ഥാനത്തിൽ പങ്കിട്ടെടുക്കാം. ഇവർ രാത്രിയിലെ (പീക്ക് സമയത്തെ) ഏകദേശം 2 മണിക്കൂർ നേരത്തെ വൈദ്യുതി ഉല്പാദനത്തിനായുള്ള ബാറ്ററി സ്റ്റോറേജ് കൂടി സോളാർ പ്ളാന്റിനൊപ്പം സ്ഥാപിക്കണം.

(iv) വെഹിക്കിൾ ടു ഗ്രിഡ് : വൈദ്യുതി വാഹനത്തിലെ ബാറ്ററിയിൽ സംഭരിച്ചിരിക്കുന്ന ഊർജ്ജം പീക്ക് സമയത്തോ ഗ്രിഡിന്റെ ആവശ്യകത അനുസരിച്ചോ ഗ്രിഡിലേക്ക് നൽകുന്ന രീതി. ഗ്രിഡിൽ വിലകുറവുള്ള പകൽ സമയത്ത് വാഹനം ചാർജ് ചെയ്ത് ഉയർന്ന വിലയുള്ള രാത്രി (പീക്ക് സമയം) ഗ്രിഡിലേക്ക് വൈദ്യുതി നല്കി അധിക വരുമാനം നേടാൻ അവസരം. പീക്ക് സമയത്ത് നല്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് 9.30 രൂപ അനുവദിക്കും.

(v) പിയർ ടു പിയർ : പരസ്പര ബന്ധിതമായ ഒരു ഡിജിറ്റൽ പ്ളാറ്റ്ഫോമിനെ അടിസ്ഥാനമാക്കി ഉപഭോക്താക്കൾ തമ്മിൽ ബ്ളോക്ക് ചെയിൻ അല്ലെങ്കിൽ മറ്റ് നൂതന സാങ്കേതിക വിദ്യ വഴിയുള്ള വൈദ്യുതി ഇടപാട്. നെറ്റ് മീറ്ററിങ്ങിലോ നെറ്റ് ബില്ലിങ്ങിലോ ഉള്ള പ്രൊസ്യൂമേഴ്സിന് തങ്ങളുടെ അധിക വൈദ്യുതി പരസ്പര സമ്മതമുള്ള വിലയ്ക്ക് ആവശ്യക്കാരായ മറ്റ് ഉപഭോക്താക്കൾക്ക് നല്കി വരുമാനം മെച്ചപ്പെടുത്താനുള്ള

അവസരം. ഒപ്പം ഒട്ടേറെ സ്റ്റാർട്ട്അപ്പുകൾക്ക് ഊർജ്ജ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള അവസരവും ലഭിക്കും.

(vi) മറ്റു ഉപയോഗമില്ലാത്ത ഭൂമിയിൽ ചെറുതും വലുതുമായ സോളാർ പ്ളാന്റുകൾ : മറ്റു ഉപയോഗമില്ലാത്തതോ അല്ലെങ്കിൽ ചിലതരം കൃഷിയോടൊപ്പമോ (ഉദാ: നെൽകൃഷി) ഉള്ള ഭൂമിയിൽ സോളാർ പ്ളാന്റുകൾ സ്ഥാപിച്ചു അതിൽ നിന്നുള്ള വൈദ്യുതി പ്രത്യേക കരാറോ അനുമതികളോ ഇല്ലാതെ കെ.എസ്.ഇ.ബിക്ക് നേരിട്ട് വിറ്റ് വരുമാനമുണ്ടാക്കാം. യൂണിറ്റിന് നിർദ്ദേശിക്കപ്പെട്ട നിരക്ക് 3.48രൂപ. കൃഷിഭൂമിയാണെങ്കിൽ മുടക്കു മുതലിന്റെ 30% കേന്ദ്ര ഗവൺമെന്റ് സബ്സിഡി ലഭിക്കും. പരമാവധി 3 MW (3,000 kW) വരെയുള്ള പ്ളാന്റുകൾ ഇങ്ങനെ സ്ഥാപിക്കാം. ഒരേക്കറിൽ ഏകദേശം 250 kW ന്റെ പ്ളാന്റ് സാധ്യമാണ്. ഒരേക്കറിൽ നിന്നും പ്രതിമാസം ഒരു ലക്ഷം രൂപയിലധികം വരുമാനം സാധ്യമാണ്.

(vii) നെറ്റ് ബില്ലിങ്ങ്, ഗ്രോസ്സ് മീറ്ററിങ്ങ്, ബിഹൈന്റ് ദി മീറ്റർ തുടങ്ങിയ മീറ്ററിങ്ങ് രീതികൾ നെറ്റ് മീറ്ററിങ്ങ് രീതിക്ക് പുറമേ ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കാൻ അവസരമുണ്ടാകും. നിലവിൽ പ്ളാന്റ് സ്ഥാപിച്ചിട്ടുള്ളവർക്ക് ഉപാധിരഹിതമായി നെറ്റ് മീറ്ററിങ്ങിൽ തുടരാൻ കഴിയും.

(viii) പ്രതിമാസം 700 യൂണിറ്റ് (ദ്വൈമാസ ബിൽ 14,900/- രൂപ) വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ പൂർണ്ണ വൈദ്യുതി ഉപയോഗം നിറവേറ്റാൻ പര്യാപ്തമായ സോളാർ പ്ളാന്റ് (5 kW / 6 kWP വരെ കപ്പാസിറ്റിയുള്ളത്) നെറ്റ് മീറ്ററിങ്ങിൽ സ്ഥാപിക്കാൻ അവസരമുണ്ടാകും. ഗാർഹിക ഉപഭോക്താക്കളിൽ 99.83% (1 കോടി 5 ലക്ഷം) പേരും ഈ വിഭാഗത്തിൽ വരും.

(ix) വെർച്ചൽ പവർ പ്ളാന്റ് : ഒരു അഗ്രിഗേറ്റർ വഴി പുനരുപയോഗ ഊർജ്ജം സമാഹരിക്കാനും, വൈദ്യുതി വിപണിയിലെ വ്യാപാരത്തിൽ പങ്കെടുക്കുവാനും മികച്ച മൂല്യം കിട്ടുന്ന രീതിയിൽ ഗ്രിഡിലെ ഡിമാൻഡ് അനുസരിച്ച് വൈദ്യുതി ക്രമീകരിച്ച് വിൽക്കുന്ന രീതി ആരംഭിക്കാം. സ്റ്റാർട്ടപ്പുകൾക്കും പുനരുപയോഗ ഉല്പാദകർക്കും ഒട്ടേറെ അവസരം തുറന്നു കിട്ടും.

(x) സോളാർ ഉത്പാദനം നടക്കുന്ന പകൽ സമയത്ത് വൈദ്യുതി അധികമായി ഗ്രിഡിലേക്ക് എത്തുന്നതു കൊണ്ടുള്ള സാങ്കേതിക സാമ്പത്തിക പ്രശ്ന

ങ്ങൾ കണക്കിലെടുത്ത് പകൽ സമയത്തെ വൈദ്യുതി ഉപയോഗവും ഊർജ്ജ സംഭരണവും പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി നിർദ്ദേശങ്ങൾ കരട് റഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. മേൽ നിർദ്ദേശങ്ങൾ കേരളത്തിലെ പുനരുപയോഗ വൈദ്യുതോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അവസരമൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.
6. ഈ കരട് ചട്ടങ്ങളുടെ രണ്ടാം അദ്ധ്യായത്തിൽ പ്രോസ്യൂമേഴ്സിന് വിവിധ തരത്തിലുള്ള മീറ്ററിംഗ് സിസ്റ്റം തെരഞ്ഞെടുക്കുന്നിനുള്ള യോഗ്യത മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്.

(i) നെറ്റ് മീറ്ററിംഗ് (റഗുലേഷൻ 6 & 28):

പുനരുപയോഗ പ്ലാന്റിൽ നിന്നുമുള്ള വൈദ്യുതി ഉൽപ്പാദനം ഉപയോഗം കഴിഞ്ഞ് ഗ്രിഡിലേക്ക് നൽകുവാനും, ഉൽപ്പാദനം കുറവുള്ളപ്പോഴോ / ഇല്ലാത്തപ്പോഴോ ഉപഭോക്താവിന് ഗ്രിഡിലേക്ക് നൽകിയ വൈദ്യുതി തിരികെ പണം നൽകാതെ തന്നെ ഉപയോഗിക്കുന്നതിനുള്ള രീതി.

(എ) നെറ്റ് മീറ്ററിംഗ് ആർക്കൊക്കെ ?

1. നിലവിലെ എല്ലാ ഉപഭോക്താക്കൾക്കും
2. കാർഷിക, ഗാർഹിക, വ്യാവസായിക താരിഫ് വിഭാഗത്തിലുള്ള ഉപഭോക്താക്കൾ

(ബി) പുതുതായി സ്ഥാപിക്കുന്ന പ്ലാന്റുകളുടെ നെറ്റ് മീറ്ററിംഗ് പരിധി.

* 1 kW മുതൽ 5 kW വരെയുള്ള പുനരുപയോഗ ഊർജ്ജ സംവിധാനം

* 3 kW ന് മുകളിൽ 5 kW വരെ ഊർജ്ജ ഉൽപ്പാദനത്തിന്റെ 30% സംഭരണശേഷിയുള്ള ബാറ്ററി കൂടി സ്ഥാപിക്കണം.

ഗാർഹിക ഉപഭോക്താക്കളിലെ 99.83% വീടുകളിലെയും വൈദ്യുതി ആവശ്യകത പൂർണ്ണമായി നിറവേറ്റാൻ മേൽ ശേഷി പര്യാപ്തമാണ്.

കാർഷിക ഉപഭോക്താക്കൾക്ക് മേൽ ഉയർന്ന പരിധി ബാധകമല്ല.

(സി) എനർജി അക്കൗണ്ടിംഗ്

* 2 kW ൽ കൂടുതൽ കപ്പാസിറ്റി ഉള്ള നിലവിലെ ഉപഭോക്താക്കൾക്കും പുതിയ പ്രോസ്യൂമേഴ്സിനും എനർജി അക്കൗണ്ടിംഗ് ടൈം ഓഫ് യൂസ് (ടി.ഒ.യു) സിസ്റ്റം അനുസരിച്ചാണ്.

* സൗരോർജ്ജ ഉൽപ്പാദന സമയത്ത് തന്നെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായിട്ടാണ് ടൈം -ഓഫ് -യൂസ് (ടി.ഒ.യു) താരിഫ് സിസ്റ്റം അവതരിപ്പിച്ചിരിക്കുന്നത്.

* പീക്ക് സമയത്ത് ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് ഉയർന്ന വില നൽകുന്ന രീതിയിലാണ് എനർജി അക്കൗണ്ടിംഗും ബില്ലിംഗും ക്രമീകരിച്ചിരിക്കുന്നത്.

* ഉപഭോക്താക്കളുടെ ക്രഡിറ്റിൽ അധിക വൈദ്യുതി ഉള്ളപ്പോഴും വിവിധ ചാർജുകൾ (ഫിക്സഡ്/ ഡിമാന്റ് ചാർജ്ജ്, മീറ്റർ റെന്റ്, ഫ്യൂവൽ സർചാർജ്ജ്, എന്നിവ) എല്ലാ മാസവും ഈടാക്കുന്ന രീതി ഒഴിവാക്കി സീറോ ബില്ലിംഗ് നിർദ്ദേശിക്കുന്നു.

(ii) നെറ്റ് ബില്ലിംഗ് (റഗുലേഷൻ 7 & 29):

പുനരുപയോഗ പ്ളാന്റിൽ നിന്നുമുള്ള വൈദ്യുതി ഉൽപ്പാദനം സ്വന്തം ഉപയോഗത്തിന് ശേഷം ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് നെറ്റ് ഫീഡ് ഇൻ താരിഫ് നിരക്കിൽ പണമായി ഉപഭോക്താവിന് നൽകുന്നതിനും, ഗ്രിഡിൽ നിന്നും നേരിട്ട് ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിലവിലെ റീറ്റെയിൽ താരിഫും ഈടാക്കുന്ന രീതി. **പകൽ സമയം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് (സ്കൂളുകൾ, ബാങ്കുകൾ, വ്യവസായങ്ങൾ തുടങ്ങിയവ) ഈ രീതി പ്രയോജനകരം.**

(എ) നെറ്റ് ബില്ലിംഗ് ആർക്ക് ?

ഏതൊരു തരം ഉപഭോക്താവിനും നെറ്റ് ബില്ലിംഗ് രീതി തെരഞ്ഞെടുക്കാവുന്നതാണ്.

(ബി) നെറ്റ് ബില്ലിംഗ് പരിധി

500 kW വരെയുള്ള പുനരുപയോഗ ഊർജ്ജ സംവിധാനങ്ങൾ

(iii) ഗ്രോസ് മീറ്ററിംഗ് (റഗുലേഷൻ 8 & 30):

പുനരുപയോഗ പ്ളാന്റിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും ഫീഡ് ഇൻ താരിഫ് നിരക്കിൽ ഉപഭോക്താവിന് പണം നൽകുകയും, ഗ്രിഡിൽ നിന്നും ഉപഭോക്താവ് എടുക്കുന്ന വൈദ്യുതിക്ക് നിലവിലെ റീറ്റെയിൽ താരിഫിൽ പണം നൽകുന്ന രീതി. **നിലവിൽ കുറഞ്ഞ താരിഫ് ഉള്ള ഉപഭോക്താക്കൾക്ക് (കാർഷികം, 100 യൂണിറ്റിൽ താഴെ പ്രതിമാസ ഉപഭോഗമുള്ള വീടുകൾ, അംഗനവാടികൾ, ലൈബ്രറികൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ തുടങ്ങിയവ) പ്രയോജനകരം.**

(എ) ഗ്രോസ് മീറ്ററിംഗ് ആർക്കൊക്കെ ?

* ഏതൊരു ഉപഭോക്താവിനും ഗ്രോസ് മീറ്ററിംഗ് തിരഞ്ഞെടുക്കാവുന്നതാണ്.

*കൺസ്യൂമർ അല്ലാത്ത വ്യക്തിക്കും ഗ്രോസ് മീറ്ററിംഗ് വഴി പുനരുപയോഗ ഊർജ്ജ സംവിധാനം സ്ഥാപിക്കാവുന്നതാണ്. ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ 3000 kW വരെ ശേഷിയുള്ള പ്ളാന്റ് സ്ഥാപിച്ച് ലൈസൻസിക്ക് നേരിട്ട് ഇലക്ട്രിസിറ്റി നൽകാവുന്നതാണ്. എല്ലാ മാസത്തിലും വില സെറ്റിൽമെന്റ് നിരക്കായ യൂണിറ്റിന് 3.48 രൂപ നിരക്കിൽ (പീക്ക് സമയത്ത് യൂണിറ്റിന് 7 രൂപ നിരക്കിൽ) ലൈസൻസി നൽകുന്നതാണ്.

(ബി) ഗ്രോസ് മീറ്ററിംഗ് പരിധി.

3000 kW വരെയുള്ള പുനരുപയോഗ ഊർജ്ജ സംവിധാനം

(iv) ബിഹൈൻഡ് ദി മീറ്റർ സിസ്റ്റം (ബി.ടി.എം) (റഗുലേഷൻ 9):

ഉപഭോക്താവിന് തങ്ങളുടെ കണക്റ്റഡ് ലോഡ് / കോൺട്രാക്റ്റ് ഡിമാൻഡ് പരിധിക്കുള്ളിൽ ഗ്രിഡിലേക്ക് വൈദ്യുതി നൽകാതെ സ്വന്തം ഉപഭോഗത്തിന് പുനരുപയോഗ ഊർജ്ജ സംവിധാനം സ്ഥാപിക്കുന്ന രീതി.

(എ) ബി.ടി.എം. ആർക്ക് ?

എല്ലാതരം കൺസ്യൂമേഴ്സിനും കണക്റ്റഡ് ലോഡ് / കോൺട്രാക്റ്റ് ഡിമാൻഡ് പരിധിക്കുള്ളിൽ.

(v) വെർച്വൽ നെറ്റ് മീറ്ററിംഗ് (വി.എൻ.എം) (റഗുലേഷൻ 10 & 31):

വൈദ്യുതി ഉപയോഗം നടക്കുന്ന സ്ഥലത്ത് നിന്ന് വ്യത്യസ്തമായ സ്ഥലത്ത് പുനരുപയോഗ ഊർജ്ജ സംവിധാനം സ്ഥാപിക്കുകയും ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജം വിതരണ ലൈസൻസിയുടെ ശൃംഖല ഉപയോഗിച്ച് ഒന്നോ അതിലധികമോ ഉപഭോക്താക്കൾക്ക് ക്രമീകരിച്ച് നൽകുന്ന രീതി.

(എ) വി.എൻ.എം ആർക്ക് ?

ഫ്ളാറ്റുകൾ, റസിഡൻഷ്യൽ അസോസിയേഷനുകളുടെ പരിധിയിലുള്ള ഉപഭോക്താക്കൾ, കാർഷിക ഉപഭോക്താക്കൾ, താഴ്ന്ന വരുമാന വിഭാഗത്തിലെ ഗാർഹിക ഉപഭോക്താക്കൾ, സർക്കാർ / തദ്ദേശ സ്വയംഭരണ സ്ഥാപന ഓഫീസുകൾ, സർക്കാർ സ്പോൺസർ ചെയ്ത പദ്ധതികൾക്ക് കീഴിൽ വരുന്ന സ്ഥാപനങ്ങൾ.

(ബി) വി.എൻ.എം പരിധി

ഏറ്റവും കുറഞ്ഞ ശേഷി 10 kW ഉം, പരമാവധി ഉപഭോക്താക്കളുടെ സഞ്ചിത കണക്റ്റഡ് ലോഡ് / കോൺട്രാക്റ്റ് ഡിമാൻഡ്.

(സി) പ്ളാന്റും ഉപഭോക്താവും തമ്മിലുള്ള ദൂരമനുസരിച്ച് താഴെപ്പറയുന്ന വ്യവസ്ഥയിൽ ഡിസ്ട്രിബ്യൂഷൻ / ട്രാൻസ്മിഷൻ ലോസസ്സ് ബാധകമായിരിക്കും.

(i) കാർഷിക ഉപഭോക്താക്കൾ, താഴ്ന്ന വരുമാന വിഭാഗത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് Losses ഉം മറ്റു ചാർജ്ജുകളും ബാധകമല്ല.

(ii) പുനരുപയോഗ ഊർജ്ജ സംവിധാനവും അതിന്റെ ഉപഭോക്താക്കളും ഒരേ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറിന്റെ കീഴിലാണെങ്കിൽ Losses ബാധകമല്ല.

(iii) പുനരുപയോഗ ഊർജ്ജ സംവിധാനവും അതിന്റെ ഉപഭോക്താക്കളും ഒരേ പ്രദേശത്തും വിവിധ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറിന്റെ കീഴിലാണെങ്കിൽ വീലിംഗ് ചാർജ്ജും, ഡിസ്ട്രിബ്യൂഷൻ Losses ഉം ബാധകമായിരിക്കും.

(iv) പുനരുപയോഗ ഊർജ്ജ സംവിധാനവും അതിന്റെ ഉപഭോക്താക്കളും വിവിധ പ്രദേശത്താണെങ്കിൽ ട്രാൻസ്മിഷൻ ചാർജ്ജ്, വീലിംഗ് ചാർജ്ജ്, ട്രാൻസ്മിഷൻ Losses, ഡിസ്ട്രിബ്യൂഷൻ Losses ഇവ ബാധകമായിരിക്കും

(vi) ഗ്രൂപ്പ് നെറ്റ് മീറ്ററിംഗ് (ജി.എൻ.എം) (റഗുലേഷൻ 11 & 32):

ഉപഭോക്താവ് പുനരുപയോഗ ഊർജ്ജ സംവിധാനം സ്ഥാപിക്കുകയും അതിൽ നിന്നുമുള്ള വൈദ്യുതി ഉൽപ്പാദനം, ആ ഉപഭോക്താവിന്റെ അതേ താരിഫ് വിഭാഗത്തിൽ വരുന്ന വിവിധ സ്ഥലങ്ങളിലേക്ക് നല്കി ക്രമീകരിക്കുന്ന രീതി.

(എ) ജി.എൻ.എം ആർക്ക് ?

നെറ്റ് മീറ്ററിംഗ് പരിധിയിലുള്ള ഉപഭോക്താക്കൾക്ക്.

(ബി) ഉയർന്ന പരിധി

പങ്കെടുക്കുന്ന ഉപഭോക്താവിന്റെ സഞ്ചിത കണക്റ്റഡ് ലോഡ് / കോൺട്രാക്റ്റ് ഡിമാന്റ്.

(vii) പുതിയ റഗുലേഷൻ എന്നുമുതൽ നടപ്പാക്കും ?

(i) പുതിയ ബില്ലിംഗ് രീതി 01.10.2025 **(റഗുലേഷൻ 1.3):**

(ii) പുതിയ റഗുലേഷൻ നോട്ടിഫൈ ചെയ്യുന്നതുവരെ solar unit സ്ഥാപിക്കുന്നതിനായി പുനരുപയോഗ ഊർജ്ജ പ്ളാന്റിന്റെ feasibility എടുത്തവർക്ക് അതിന്റെ കാലാവധിക്കുള്ളിൽ പഴയ റഗുലേഷൻ അനുസരിച്ചുള്ള technical specification ൽ ഉപകരണങ്ങൾ വയ്ക്കാം. **(റഗുലേഷൻ 17.17):**

(viii) മറ്റ് പ്രധാന നിർദ്ദേശങ്ങൾ

(1) ഫീസിബിലിറ്റി, രജിസ്ട്രേഷൻ തുടങ്ങിയവ ലഭിക്കുന്നതിന് നിലവിൽ അനുഭവപ്പെടുന്ന കാലതാമസവും, പ്രയാസങ്ങളും ഒഴിവാക്കുവാൻ അപേക്ഷകർക്ക് ഓൺലൈൻ സംവിധാനം ലഭ്യമാക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(2) രജിസ്ട്രേഷൻ ഫീസ് നിലവിൽ ഒരു കിലോവാട്ടിന് 1000 രൂപ എന്നത് 300 രൂപ ആയി കുറയ്ക്കും.

(3) വികേന്ദ്രീകൃത എനർജി സ്റ്റോറേജ് കൂടുതൽ വ്യാപിപ്പിക്കാൻ സഹായകരമായ നിർദ്ദേശങ്ങൾ

(4) ക്യാപ്റ്റീവ് പവ്വർ പ്ളാന്റ് (സിപിപി), ഇൻഡിപെന്റന്റ് റിന്യൂവബിൾ പവ്വർ ജനറേറ്റർ (ഐപിപി) കളുടെ എനർജി അക്കൗണ്ടിംഗ്, ബാങ്കിംഗ്, സെറ്റിൽമെന്റ് രീതികളെകുറിച്ചുള്ള വ്യവസ്ഥകൾ നിഷ്ക്കർഷിച്ചിട്ടുണ്ട്.

(5) വിതരണ ലൈസൻസികളുടെ ഏറ്റവും കുറഞ്ഞ പുനരുപയോഗ ഊർജ്ജ ഉപഭോഗ ശതമാനം നിഷ്ക്കർഷിച്ചിട്ടുണ്ട്. (അദ്ധ്യായം 4-ലെ റഗുലേഷൻ 41.1)
കൂടാതെ അത് കൃത്യമായി നിരീക്ഷിക്കാനുള്ള ഏജൻസിയെ കുറിച്ചും അതിന്റെ ചുമതലകളും നൽകിയിട്ടുണ്ട്.
ഉപഭോക്താവിന് പുനരുപയോഗ പ്ളാന്റ്, ബാറ്ററി എനർജി സ്റ്റൊറേജ് എന്നിവയുടെ സാങ്കേതിക കാര്യങ്ങൾ പരിചയപ്പെടുത്തുന്നതിനും ഉചിതമായ നിർവഹണ ഏജൻസിയെ കണ്ടെത്തുന്നതിനും ആവശ്യമായ പിന്തുണയും വിവരങ്ങളും ലഭ്യമാക്കുന്നത് പ്രസ്തുത ഏജൻസിയുടെ ചുമതലയായിരിക്കും.

(6) പുനരുപയോഗ ഉൽപ്പാദക സംരംഭങ്ങളിൽ നിന്നുള്ള ഊർജ്ജത്തിന്റെ വില നിശ്ച യിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (അദ്ധ്യായം 5)

(7) പുനരുപയോഗ പദ്ധതികളിൽ നിന്നും പീക്ക് സമയത്ത് ലഭിക്കുന്ന വൈദ്യുതിക്ക് ഉയർന്ന നിരക്ക്, നിലവിലുള്ള ജലസംഭരണികൾ ഉപയോഗിച്ച് വേനൽകാലത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്നിവയും ചേർത്തിട്ടുണ്ട്.

(8) വിവിധ ബില്ലിംഗ് സിസ്റ്റത്തിലെ സെറ്റിൽമെന്റ് നിരക്കുകൾ ചുവടെ കൊടുക്കുന്നു.

Sl. No.	Particular	Rate in Rupees	Remarks
	Net Metering Billing System		
1	APPC Rate for Existing Prosumers	3.08	Annexure 4(b) of draft Regulation
	Feed in Tariff (Solar)	2.09	75% of SECI discovered tariff for FY 2024-25 – Annexure 4(a)
	Feed in Tariff (Wind)	2.86	75% of SECI discovered tariff for FY 2024-25 – Annexure 4(a)
	Net Billing System		
2	Feed in Tariff (Solar)	2.79	Capacity Weighted Average of SECI discovered tariff for FY 2024-25 – Annexure 4(a)
	Feed in Tariff (Wind)	3.82	Capacity Weighted Average of SECI discovered tariff for FY 2024-25 – Annexure 4(a)
	Gross Metering System		
3	Feed in Tariff (Solar)	3.48	125% of SECI discovered tariff for FY 2024-25 – Annexure 4(a)
	Feed in Tariff (Wind)	4.78	125% of SECI discovered tariff for FY 2024-25 – Annexure 4(a)

സെക്ഷൻ ഓഫീസർ